**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1471** **07-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ബി.എ. സമർപ്പിച്ച നിവേദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.ബി.എ. സമർപ്പിച്ച നിവേദനം സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനത്തിലെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആവശ്യങ്ങൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത നിവേദനത്തിലെ പ്രായോഗികമായ ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.<br>1. 2021-ൽ പ്രഖ്യാപിച്ച പ്രകാരം കോവിഡ് ബാധിച്ച് ക്വാറന്റൈനിൽ കഴിഞ്ഞിട്ടുള്ളവർക്കും, ആശുപത്രിയിൽ ചികിത്സ തേടിയവർക്കും, മരണമടഞ്ഞ പദ്ധതി അംഗങ്ങൾക്കും ആശ്രിതർക്കും യഥാക്രമം 2,000/-, 5,000/-, 15,000/- രൂപ വീതം അർഹരായ തൊഴിലാളികൾക്ക് എല്ലാ ജില്ലകളിലും ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.<br>2. അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കെ.എസ്.ബി.എ.-യെ പ്രതിനിധീകരിച്ചുകൊണ്ട് ശ്രീ.റ്റി.ജി നാരായണൻ, ശ്രീ.ആര്യനാട് മോഹനൻ എന്നിവരെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്<br>3. ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ തനത് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ തൊഴിലാളികളുടെ രജിസ്ട്രേഷൻ, അംശദായ അടവ്, ആനുകൂല്യ വിതരണം തുടങ്ങിയ പ്രവർത്തനങ്ങളും അഡ്മിനിസ്ട്രേഷൻ, ഫണ്ട് മാനേജ്മെന്റ് അടക്കമുള്ള പൊതുവായ |

പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നു.

4. പദ്ധതിയിൽ 10 വർഷക്കാലം തുടർച്ചയായി അംശദായം അടയ്ക്കുന്നവർക്ക് വീട് നിർമ്മിക്കുന്നതിനും വീട് അറ്റകുറ്റപ്പണികൾക്കും തൊഴിൽ സാമഗ്രികൾ വാങ്ങുന്നതിനും ടിയാൻ അംശദായമായി അടച്ച തുകയുടെ 50 ശതമാനത്തിന്റെ 75 ശതമാനം തുക പലിശരഹിത വായ്പയായി അനുവദിക്കുന്നതാണ്.
5. ബോർഡിന്റെ ബാങ്കിംഗ് സേവനങ്ങൾ പൂർണ്ണമായും കേരള ബാങ്ക് മുഖേന നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. കേരള ബാങ്കിന്റെ എല്ലാ ബ്രാഞ്ചുകളിലും ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രാപ്തമാകുന്നതിലൂടെ അംശദായ അടവു വിവരം ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന പാസ്സ്ബുക്കിൽ രേഖപ്പെടുത്തി മതിയായ സാക്ഷ്യപ്പെടുത്തൽ നടത്തുന്നതുൾപ്പെടെയുള്ള തൊഴിലാളി കേന്ദ്രീകൃത സേവനങ്ങൾ സൗകര്യപ്പെടുത്തുന്നതിനുള്ള ധാരണ കേരള ബാങ്കുമായി ഉണ്ടാക്കുന്നതും അത്തരം സാക്ഷ്യപ്പെടുത്തലുകൾ അടങ്ങിയ പാസ്സ്ബുക്ക് ആനുകൂല്യ വിതരണത്തിനുള്ള ആധികാരിക രേഖയായി പരിഗണിക്കുന്നതുമാണ്. ഈ പദ്ധതി നിലവിൽ വരുന്നതോടുകൂടി അംശദായ അടവ് അംഗങ്ങളുടെ അക്കൗണ്ടിൽ യഥാസമയം വരവ് വയ്ക്കുന്നതു സംബന്ധിച്ച പരാതികൾ പരിഹരിയ്ക്കപ്പെടുന്നതാണ്.
6. എല്ലാ ജില്ലാ ഓഫീസുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി അന്യത്രസേവന വ്യവസ്ഥയിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാരെ അന്യത്രസേവന വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.
7. കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ പ്രതിമാസം അംശദായമായി 10 രൂപ നിരക്കിൽ ജില്ലകളിൽ വിവിധ സ്റ്റേറ്റ് ബാങ്കിലെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക കണ്ടെത്തി അവ ക്രോഡീകരിച്ച്

| | | | |
|---|---|---|---|
| | | | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഫണ്ട് അക്കൗണ്ടിലേയ്ക്ക് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>8. കോവിഡ്-19 പ്രതിസന്ധി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതിനാലും നിരവധി തൊഴിലാളികൾക്ക് അംശദായം കൃത്യമായി ഒടുക്കുന്നതിന് സാധിക്കാത്ത സാഹചര്യവും ഉണ്ടായിട്ടുള്ളതിനാലും ഒരു വർഷം വരെ അംശദായ ഇനത്തിൽ കടിശ്ശിക വരുത്തിയ അംഗങ്ങൾക്ക് 22/09/2021-ലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംശദായ കുടിശ്ശിക ഗഡുക്കളായി സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷിതത്വ പദ്ധതി ബോർഡിൽ കെ.എസ്.ബി.എ. പ്രതിനിധിയെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (സി) | അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കെ.എസ്.ബി.എ.-യെ പ്രതിനിധീകരിച്ചുകൊണ്ട് ശ്രീ.റ്റി.ജി നാരായണൻ, ശ്രീ.ആര്യനാട് മോഹനൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ